പതിമൂന്നാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3983 — 25.06.2014-ൽ മറുപടിയ്ക്ക്

## ജനറിക് മരുന്നുകൾ നൽകാൻ തീരുമാനിച്ചതിന്റെ ഫലമായി അധികമായി വേണ്ടിവരുന്ന ഫാർമസിസ്റ്റുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ. കെ. ടി ജലീൽ<br>ശ്രീ. ഇ. പി ജയരാജൻ<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സർക്കാരാശുപത്രികളിലെ ബ്രാന്റഡ് മരുന്നുകൾക്ക് പകരം ജനറിക് മരുന്നുകൾ നൽകാൻ തീരുമാനിച്ചതിന്റെ ഫലമായി എത്ര ഫാർമസിസ്റ്റുമാർ അധികമായി വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; പുതുതായി അനുവദിച്ച തസ്തികകൾ എത്രയെണ്ണമാണ്; | (എ) | സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ നൽകാൻ തീരുമാനിച്ചതിന്റെ ഭാഗമായി മാത്രം എത്ര ഫാർമസിസ്റ്റുമാർ അധികമായി വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടില്ല. ആശുപത്രികളിൽ ആവശ്യ സേവനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 21.03.2014 ലെ സ.ഉ.(എം.എസ്) 106/2014/ആകുവ പ്രകാരം 40 ഫാർമസിസ്റ്റുമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഫാർമസിസ്റ്റുകൾ മാത്രമേ മരുന്ന വിതരണം ചെയ്യാൻ പാടുള്ളൂവെന്ന് നിയമമുണ്ടോ; | (ബി) | നിശ്ചിത യോഗ്യതയുള്ള രജിസ്റ്റേർഡ് ഫാർമസിസ്റ്റുമാർ മാത്രമേ മരുന്നുകൾ കൈകാര്യം ചെയ്യാവൂ എന്ന് ഫാർമസി ആക്ട് അനുശാസിക്കുന്നുണ്ട്. |
| (സി) | 900-ൽ അധികം വരുന്ന ജനറിക് മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്യാൻ നിലവിലുള്ള ഫാർമസിസ്റ്റുകൾ പര്യാപ്തമല്ലാത്തതുകൊണ്ട് നേഴ്സിംഗ് അസിസ്റ്റന്റുമാർ ഉൾപ്പെടെയുള്ളവർ ജനറിക് മരുന്ന് നൽകുന്നുവെന്ന വാർത്തയെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; | (സി) & (ഡി) | സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഏറ്റവും കുറഞ്ഞത് ഒരു ഫാർമസിസ്റ്റിന്റെയെങ്കിലും സേവനം ലഭ്യമാണ്. ആയതിനാൽ യോഗ്യതയുള്ള ഫാർമസിസ്റ്റുമാർ തന്നെയാണ് മരുന്നുകൾ കൈകാര്യം ചെയ്തു പോരുന്നത്. നഴ്സിംഗ് അസിസ്റ്റന്റുമാർ ഉൾപ്പെടയുള്ളവർ മരുന്നുകൾ കൈകാര്യം ചെയ്യുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | യോഗ്യതയില്ലാത്തവർ മരുന്ന നൽകുന്നത് കൊണ്ട് രോഗികൾ അപകടത്തിലാവാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ